# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1374 — 13/07/16-ൽ മറുപടിക്ക്

### ഉപ്പള ഫയർ സ്റ്റേഷൻ

| ചോദ്യം<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്: | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) മംഗൽപാടി പഞ്ചായത്തിലെ സർവ്വെ നമ്പർ 50/1-ൽ ഉൾപ്പെട്ട ഒന്നര ഏക്കർ സ്ഥലത്ത് ഉപ്പള ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) കാസർഗോഡ് ജില്ലയിലെ മംഗൽപാടി പഞ്ചായത്തിലെ സർവേ നം.50/1-ൽ ഉൾപ്പെട്ട ഒന്നര ഏക്കർ സ്ഥലത്ത് ഉപ്പള ഫയർ & റെസ്ക്യൂ സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. |
| ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ നിലവിലുള്ള പരാധീനതകൾ എന്തൊക്കെയെന്നും, ഏതൊക്കെ തസ്തികകൾ ഒഴിവുണ്ടെന്നും വ്യക്തമാക്കാമോ; | ബി) നിലയത്തിന് സ്വന്തമായി കെട്ടിടവും ഫാമിലി ക്വാർട്ടേഴ്സുകളും ഇല്ല. പഞ്ചായത്ത് താൽക്കാലികമായി നൽകിയ ഒരു കെട്ടിടത്തിലാണ് ഉപ്പള നിലയം പ്രവർത്തിച്ചു വരുന്നത്. നിലവിൽ ഫയർമാൻ തസ്തികയിൽ ഒരു ഒഴിവും, ഫയർമാൻ ഡ്രൈവർ തസ്തികയിൽ 2 ഒഴിവുമാണ് ഉള്ളത്. |
| സി) പ്രസ്തുത പരാധീനതകൾ പരിഹരിച്ച് ഫയർ സ്റ്റേഷന് എപ്പോൾ കെട്ടിടം നിർമ്മിക്കാനാകുമെന്ന് അറിയിക്കാമോ? | സി) പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്. |

V Beena

സെക്ഷൻ ഓഫീസർ